# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3832 — 23.08.2017- ൽ മറുപടിയ്ക്ക്

## ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ ബാധകമാക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ** (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | കേരള സഹകരണ നിയമം 1969 ലെ വകുപ്പ് 40 അനുസരിച്ചും, 08.10.1960 ലെ ജി.ഒ (എം.എസ്)795/1960/അഗ്രി നമ്പർ ഉത്തരവ് അനുസരിച്ചും സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ WA 1216/07 ൽ 18.12.2014 ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾ ബഞ്ച് വിധിന്യായ പ്രകാരം Transfer of Property Act, ന്റെ വ്യവസ്ഥകൾ പ്രകാരം സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംഘം പ്രമാണം ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമേ ലഭിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | സഹകരണ നിയമത്തിൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (ബി) | ഭേദഗതി പരിഗണനയിലാണ്. |
| (സി) | എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും എക്സംപ്ഷൻ ഇല്ലാതായിട്ടുണ്ടോ; വിശദവിവരം നൽകുമോ; | (സി) | മേൽ വിവരിച്ച സാഹചര്യത്തിൽ ഹൗസിംഗ് സംഘങ്ങൾക്കും എക്സംപ്ഷൻ ലഭിക്കുന്നില്ല. |
| (ഡി) | ഏതെങ്കിലും ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഇപ്പോഴും സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷനുണ്ടോ; വിശദ വിവരം നൽകുമോ; | (ഡി) | ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ ബാധകമാക്കുന്നതിന് നികുതി വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ? | (ഇ) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ